"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - മലപ്പുറം ജില്ല - തലക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാർക്ക് ശ്രീമതി.സിന്ധു പി യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.682/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

പരാമർശം:-

1. 23.04.2020ലെ സ ഉ (കൈ) നം.81/2020/പൊ ഭ വ
2. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13.08.2020ലെ DDP-MPMD3(2) നമ്പർ നടപടിക്രമങ്ങൾ
3. പഞ്ചായത്ത് ഡയറക്ടറുടെ 09.06.2022ലെ PAN/505/2020-E14(DP) നമ്പർ നടപടിക്രമങ്ങൾ
4. തദ്ദേശസ്വയംഭരണവകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 18.10.2025ലെ LSGD/JD/MPM/7241/2025-A3 നമ്പർ നടപടിക്രമങ്ങൾ
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.02.2026ലെ LSGD/PD/1620/2026-DEC4 നമ്പർ കത്ത്

ഉത്തരവ്

മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.സിന്ധു പി -യുടെ പ്രൊബേഷൻ കാലയളവ് 09.02.2023 മുതൽ 16.10.2024 വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2.സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആഭ്യന്തര വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സൂപ്പർന്യൂമറിയായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. സിന്ധു പി യെ പരാമർശം (1) പ്രകാരം പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിച്ചതിനെ തുടർന്ന് പരാമർശം (2) പ്രകാരം മലപ്പുറം ജില്ലയിലെ പൊന്മള ഗ്രാമപഞ്ചായത്ത് ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കുകയും ടിയാൾ 04/09/2020 -ന് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. പരാമർശം (3) പ്രകാരം ശ്രീമതി. സിന്ധു പി -യുടെ ക്ലാർക്ക് തസ്തികയിലെ സേവനം 29/01/2020 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ട്. ശ്രീമതി. സിന്ധു പി -യുടെ പേരിൽ വിജിലൻസ് കേസുകളോ മറ്റ് വകുപ്പ് തല അച്ചടക്ക നടപടികളോ ഇല്ലായെന്നും ടിയാളുടെ സേവനം തൃപ്തികരമാണെന്നും തലക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൾ നിരീക്ഷണകാലത്തെ ബാധിക്കുന്ന 11 അവധി എടുത്തിട്ടുണ്ട്.

ശ്രീമതി.സിന്ധു പി -യുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാളുടെ നിരീക്ഷണ കാലയളവ് പരാമർശം (4) പ്രകാരം 09/02/2022 മുതൽ 08/02/2023 വരെ ഒരു വർഷം ദീർഘിപ്പിച്ചിട്ടുണ്ട്. ടിയാൾ GPF, SLI, GIS എന്നിവയിൽ അംഗത്വമെടുക്കുകയും 14/10/2024 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 14.10.2024 ൽ എം ഒ പി പരീക്ഷ പാസ്സായ മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീമതി.സിന്ധു പി - യുടെ പ്രൊബേഷൻ 15.10.2024 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 09.02.2023 മുതൽ 16.10.2024 തീയതി വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,തലക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീമതി.സിന്ധു പി , ക്ലർക്ക് , തലക്കാട് ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.44/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 11-03-2026 13:24:46